# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 18, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് റഗുലേറ്ററി കമ്മീഷന്റെ ശുപാർശകൾ

*181 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ മുന്നോട്ടുവച്ച ശുപാർശകൾ എന്തെല്ലാം;

(ബി) വൈദ്യുതി ബോർഡ് നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ റഗുലേറ്ററി കമ്മീഷൻ ശുപാർശകൾ രൂപപ്പെടുത്തിയിട്ടുള്ളത്;

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

(സി) വൈദ്യുതി ബോർഡ് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളും റഗുലേറ്ററി കമ്മീഷന്റെ ശുപാർശകളും തമ്മിലുള്ള അന്തരം ഏതെല്ലാം തരത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിരക്ക് പരിഷ്കരണം എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>കെട്ടിട ഉടമകളുടെയും വാടകക്കാരുടേയും അവകാശങ്ങൾ</u>

*182 ശ്രീ. പി.സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി.എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട ഉടമകളുടെയും വാടകക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള കരട് ബില്ലിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി അഭിപ്രായ സമന്വയം ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കരട് ബില്ലിൽ കെട്ടിട ഉടമകളുടേയും വാടകക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുബന്ധമേഖലയെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ

*183 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
'' വി. ഡി. സതീശൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുത്തൻ വ്യവസായ യൂണിറ്റുകളുടെ ധനസഹായത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്ന പദ്ധതി</u>

*184 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, എം. എ. വാഹീദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം</u>
<u>കാര്യക്ഷമമാക്കാൻ നടപടികൾ</u>

*185 ശ്രീ. ആർ. സെൽവരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി. സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) എത്ര ബസ്സുകൾ പുറത്തിറക്കുകയും എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്;

(സി) വിവിധ ബസ്സ് ടെർമിനലുകളുടെ ജോലികളിൽ എന്ത് പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം തരത്തിലുള്ള പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക മേഖലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് അനുമതി</u>

*186 ശ്രീ. ബാബു എം. പാലിശ്ശേരി
,, എസ്. ശർമ്മ
,, എസ്. രാജേന്ദ്രൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം സ്മാർട്ട്സിറ്റി പദ്ധതിയിലെ സംസ്ഥാന താത്പര്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ നയം നിലവിൽ വരുന്നതോടെ സ്മാർട്ട്സിറ്റി പദ്ധതിയിൽ നിക്ഷേപകർക്ക് ഫ്രീ ഹോൾഡായി ലഭിക്കുന്ന ഭൂമി എത്രയായിരിക്കും;

(ഡി) പ്രസ്തുത വിവരം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സ്റ്റേറ്റ് ഇ - മിഷൻ ടീം</u>

*187 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, കെ. അജിത്
ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ- ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ഇ- മിഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വകുപ്പിന്റെ കീഴിലാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഇ- ഗവേണൻസ് മിഷന്റെ മാതൃകയിൽ സംസ്ഥാനത്തും ഇ- മിഷൻ ടീം രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ടീമിൽ സ്വകാര്യ കമ്പനികളിൽ നിന്നുള്ള എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഐ..ടി. മിഷന്റെ പ്രധാന പദ്ധതികളുടെയടക്കമുള്ള വിവരങ്ങൾ സ്വകാര്യ കമ്പനികൾക്ക് ചോർന്നു കിട്ടുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കണക്ഷന്‍ നല്‍കുന്നതിന് മുന്‍ഗണന</u>

*188 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, ഇ.പി. ജയരാജന്‍
,, എം. ചന്ദ്രന്‍
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി കണക്ഷന്‍ നല്‍കുന്നതിന് മുന്‍ഗണനകള്‍ നിലവിലുണ്ടോ;

(ബി) സൗജന്യകണക്ഷനുകള്‍ നിര്‍ത്തലാക്കിക്കൊണ്ടുള്ള വൈദ്യുതി ബോര്‍ഡിന്റെ ഉത്തരവ് പുന:പരിശോധിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എസ്.ടി./എസ്.സി. വിഭാഗങ്ങള്‍ക്ക് പോസ്റ്റുകള്‍ വേണ്ട കണക്ഷനുകള്‍, പ്രത്യേക മുന്‍ഗണനാ പ്രകാരം ലഭിച്ചിരുന്നത് ഒഴിവാക്കിയ നടപടി പുന:പരിശോധിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>കൈത്തറി തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം</u>

*189 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്കുവേണ്ടി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിയതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക വകയിരുത്തി; 2011-ൽ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്ര; ഈ തുക വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുവരെ വിതരണം ചെയ്ത തുക എത്ര;

(സി) അനുവദിച്ച തുക മുഴുവനും വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കേണ്ടിയിരുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ഹൈടെക് ഐ.ടി.പാർക്കുകൾ സ്ഥാപിക്കാൻ നടപടി</u>

*190 ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. വി. വിജയദാസ്
,, ജെയിംസ് മാത്യു
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. സാധ്യതകളും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിലവിലുള്ള ഐ.ടി. പാർക്കുകളിലെ കെട്ടിടങ്ങൾ പൂർണ്ണമായും കമ്പനികൾ പ്രയോജനപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ ;

(സി) സ്വകാര്യ ഹൈടെക്ക് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) ഏതെല്ലാം നഗരങ്ങളിലാണ് ഇത്തരം പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ് ഇതിന് സന്നദ്ധരായിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

2013-ലെ കേരള സഹകരണ സംഘം നിയമഭേദഗതി

*191 ശ്രീ. ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതിയുടെ പ്രസക്തഭാഗങ്ങൾ ബഹു. ഗുജറാത്ത് ഹൈക്കോടതി റദ്ദു ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽ ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ വരുത്തിയ 2013-ലെ കേരള സഹകരണ സംഘം നിയമ ഭേദഗതി നിലനിൽക്കുന്നതാണോ;

(സി) 2013-ലെ കേരള സഹകരണസംഘം നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മേൽ ഭേദഗതി കേരളത്തിലെ സഹകരണ വകുപ്പ് ഓഡിറ്റ് വിഭാഗത്തെ എപ്രകാരമാണ് ബാധിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഓഡിറ്റ് വിഭാഗം പുന:സംഘടിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിഭാഗത്തിലെ എത്ര തസ്തികകൾ നഷ്ടപ്പെട്ടു; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും സംസ്ഥാന സർക്കാരിനുള്ള വിഹിതം

*192 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിൽ നിന്ന് കൂടുതൽ വിഹിതം സംസ്ഥാനത്തിന് നൽകണമെന്നാവശ്യപ്പെടാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ;

(ബി) ഇപ്പോൾ ലഭിക്കുന്ന നികുതി വിഹിതം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ; ജനസംഖ്യാനുപാതികമായി കേന്ദ്ര നികുതി വരുമാനം വീതിച്ചാൽ ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ കൂടുതൽ ലഭിക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിലെ അസന്തുലിതാവസ്ഥ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം ശക്തമായി ഉന്നയിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**18.06.2013–ലെ മറുപടിക്ക്**

<u>കാരുണ്യാ ചികിൽസാ പദ്ധതി പ്രകാരം താലൂക്ക് കേന്ദ്രങ്ങളിൽ സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ</u>

*193 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ വിജയം മുൻനിർത്തി പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്നതിനും കൂടുതൽ ആശുപത്രികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സ്റ്റാര്‍ട്ട് അപ്പ് വില്ലേജിന്റെ പ്രവര്‍ത്തനം</u>

*194 ശ്രീ. വി. ഡി. സതീശന്‍
,, എ. റ്റി. ജോര്‍ജ്
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്റ്റാര്‍ട്ട് അപ്പ് വില്ലേജിന്റെ പ്രവര്‍ത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) യുവാക്കളെ സംരംഭകരാക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം വില്ലേജുകള്‍ സംസ്ഥാനത്തിന്റെ അനുയോജ്യമായ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ആർ.ടി.സി. റൂട്ടുകളിലെ സമാന്തര സർവ്വീസ്</u>

*195 ശ്രീ. ബി. സത്യൻ
,, എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നതും പ്രസ്തുത റൂട്ടുകളിൽ സമാന്തര സർവ്വീസുകാർ ട്രിപ്പുകൾ കൂട്ടി അമിതലാഭം കൊയ്തു കൊണ്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാന്തര സർവ്വീസുകാരുടെ ഭീഷണി കാരണം രാത്രി കാലങ്ങളിലെ സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി. സി. ജീവനക്കാർ വിഷമിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കെ.എസ്. ആർ.ടി.സി. യുടെ പല സർവ്വീസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായ മേഖല നേരിടുന്ന തകർച്ച</u>

*196 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖല നേരിടുന്ന തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകളുടെ ലൈസൻസിംഗ് ഓൺലൈൻ ആക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിന്റെ സാമ്പത്തിക നില</u>

*197 ശ്രീ. ജെയിംസ് മാത്യു
,, എ. കെ. ബാലൻ
,, രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിന്റെ സാമ്പത്തികനില പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര രൂപയുടെ 'അൺകവേർഡ്' റവന്യൂ ഗ്യാപ്പാണ് ബോർഡിനുള്ളത്;

(സി) 2012 ജൂലൈ മുതലുണ്ടായ വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ പ്രതിമാസം 25 കോടി രൂപ വീതം സബ്സിഡി നൽകാമെന്ന സർക്കാരിന്റെ തീരുമാനപ്രകാരം ഇതുവരെ ബോർഡിന് എത്ര തുക നൽകി; കുടിശ്ശിക എത്ര;

(ഡി) വൈദ്യുതി നിയമം 2003 പ്രകാരം സബ്സിഡി മുൻകൂറായി നൽകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ സബ്സിഡിയിൽ കുടിശ്ശിക വരുത്തുന്നത് നിയമാനുസൃതമാണോ;

(ഇ) ഇത് പരിഹരിക്കാൻ എന്തുമാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡില്‍ ഇടനിലക്കാരെ ഒഴിവാക്കുവാന്‍ നടപടി</u>

*198 ശ്രീ. സാജു പോള്‍
,, ഇ. പി. ജയരാജന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡ് സാധനങ്ങള്‍ വാങ്ങുന്നതിന് ഇടനിലക്കാരെ ഉപയോഗപ്പെടുത്താറുണ്ടോ;

(ബി) കണ്‍സ്യൂമര്‍ഫെഡ് ഇടനിലക്കാര്‍ വഴി ആന്ധ്രയില്‍ നിന്നും അരി വാങ്ങുന്നതു മൂലം പൊതുവിപണിയില്‍ വില നിയന്ത്രിക്കുവാന്‍ സാധിക്കാതെ വന്നതായ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇടനിലക്കാര്‍ വഴി ഗുണനിലവാരം കുറഞ്ഞ അരിയാണ് കണ്‍സ്യൂമര്‍ഫെഡിന് ലഭിക്കുന്നതെന്ന വാര്‍ത്തകളെക്കുറിച്ച് സര്‍ക്കാര്‍ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആന്ധ്രയിലെ അരിമില്ലുകളില്‍ നിന്നും നേരിട്ട് അരി വാങ്ങിയാല്‍ കുറഞ്ഞ വിലയില്‍ ഗുണമേന്മയുള്ള അരി ലഭ്യമാക്കാന്‍ സാധിക്കുമോ; വ്യക്തമാക്കുമോ;

(ഇ) എങ്കില്‍ നേരിട്ട് അരി വാങ്ങാതെ ഇടനിലക്കാരെ ആശ്രയിക്കുന്നതിന്റെ കാരണമെന്ത്; വെളിപ്പെടുത്തുമോ;

(എഫ്) പൊതുവിപണിയില്‍ വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ തരത്തില്‍ കണ്‍സ്യൂമര്‍ഫെഡ് വഴി സാധനങ്ങള്‍ ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി</u>

*199 ശ്രീ. എ.കെ. ബാലൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പവർ എക്സ്ചേഞ്ചിൽ നിന്നും 2012 ഡിസംബർ മാസത്തിൽ എത്ര വൈദ്യുതിയാണ് ബോർഡ് വാങ്ങിയിരുന്നത്; ഇത് ഏതൊക്കെ തീയതികളിലാണ്;

(ബി) ഡിസംബർ 15നുശേഷം ഇങ്ങനെ വാങ്ങുന്ന വൈദ്യുതിയിൽ കുറവു വന്നിട്ടുണ്ടോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് ടെണ്ടറിൽ പങ്കെടുക്കാത്ത ദിവസങ്ങളിലും ടെണ്ടറിൽ പങ്കെടുത്ത ദിവസങ്ങളിലും എക്സ്ചേഞ്ചിൽ ക്ലിയർ ചെയ്യപ്പെട്ട വൈദ്യുതി വിലകൾ തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും അസ്വാഭാവികതയുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും ക്രമക്കേട് ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അന്വേഷണം നടത്തുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സൗരോർജ്ജ പാനലുകളുടെ നിർമ്മാണം</u>

*200 ശ്രീ. വി. റ്റി. ബൽറാം
'' ഡൊമിനിക് പ്രസന്റേഷൻ
'' ആർ. സെൽവരാജ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പാനലുകൾ നിർമ്മിക്കാൻ കൊറിയൻ കമ്പനിയുമായി കെ.എസ്.ഐ.ഡി.സി. ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനവും വിപണന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിൽ പദ്ധതി പ്രവർത്തനം</u>

*201 ശ്രീ. റ്റി. വി. രാജേഷ്
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ പദ്ധതി പ്രവർത്തനം താളം തെറ്റുന്നുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് പദ്ധതി വിഹിതമായി ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ഇതിൽ ഓരോ ഇനത്തിലും 31-3-2013 വരെ എന്തു തുക ചെലവഴിച്ചു എന്നും എത്ര തുക ചെലവഴിക്കാൻ സാധിക്കാതെ പോയെന്നും ഇതിനുളള കാരണമെന്തെന്നും വിശദമാക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ അവലോകന യോഗത്തിൽ ഇതു സംബന്ധിച്ച് എന്തെല്ലാം ചർച്ചകൾ നടത്തിയെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നും വിശദമാക്കുമോ;

(ഡി) ബജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും നടപടി</u>

*202 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഷെഡ്യൂളുകൾ ജനോപകാരപ്രദമായി പരിഷ്കരിക്കുന്നതിനും കൂടുതൽ യാത്രക്കാരെ ആകർഷിക്കത്തക്ക നിലയിൽ ഗുണകരമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ബസ്സുകൾ സി. എൻ. ജി. സിസ്റ്റത്തിലേക്ക് മാറ്റുന്നതിന് നടപടികൾ</u>

*203 ശ്രീ. വി. ശിവൻകുട്ടി
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. ദാസൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി. എൻ. ജി. സിസ്റ്റത്തിലേക്ക് മാറ്റിയ ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷനും സമാന കോർപ്പറേഷനുകളും ഇക്കാര്യത്തിൽ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തുന്നതിനും കെ. എസ്. ആർ. ടി. സി. യിൽ ഇത് നടപ്പിലാക്കുന്നതിന് നിക്ഷേപ-പ്രയോജന വിശകലനവും നടത്താൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം</u>

*204 ശ്രീ. ആർ. രാജേഷ്
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണനഷ്ടം എത്രയാണ്; കഴിഞ്ഞ രണ്ടു വർഷംകൊണ്ട് ഇതിൽ എന്ത് കുറവാണ് ഉണ്ടായിട്ടുളളത്;

(ബി) 2006-11 കാലത്ത് ഇക്കാര്യത്തിൽ എന്തു പുരോഗതിയാണ് കൈവരിച്ചത്;

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിൽ കഴിഞ്ഞ രണ്ടുവർഷവും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുളള ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

വൈദ്യുതി ഡ്യൂട്ടി നിയമങ്ങൾ

*205 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. രാജേന്ദ്രൻ
'' സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഡ്യൂട്ടി സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണ്; ഡ്യൂട്ടി തിട്ടപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) വൈദ്യുതി ഡ്യൂട്ടി ഉപഭോക്താക്കളിൽ മാത്രം ചുമത്താൻ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(സി) ഇത് വൈദ്യുതി ഉപഭോക്താക്കളുടെ മേൽ അധിക സാമ്പത്തിക ഭാരം ചെലുത്തുമോ; എങ്കിൽ എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ പ്രതിസന്ധി</u>

*206 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരന്‍
,, പാലോട് രവി
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം നേരിടുന്ന ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് നൂതന ആശയങ്ങള്‍ തേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജന്‍സികളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ധാരണാപത്രം അനുസരിച്ച് ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനമുണ്ടായിരിക്കുന്നത് ;

(ഡി) ഊര്‍ജ്ജ സംരക്ഷണത്തിനുള്ള ഏതെല്ലാം പദ്ധതികളാണ് ധാരണാപത്രം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജനിലയങ്ങൾ</u>

*207 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വ്യാവസായിക ഇടനാഴി</u>

*208 ശ്രീ. ഹൈബി ഈഡൻ
'' ലൂഡി ലൂയിസ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക ഇടനാഴി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

*209 ശ്രീ. വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡിന് പുതിയ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയിൻ കീഴിലും എന്തെല്ലാമാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സങ്കേതം ഭവന പദ്ധതി</u>

*210 ശ്രീ.കെ. അച്ചുതൻ
,, പാലോട് രവി
,, റ്റി.എൻ. പ്രതാപൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും**
**ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സങ്കേതം' ഭവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പാവപ്പെട്ടവർക്ക് തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ധനസഹായങ്ങളും സബ്സിഡികളുമാണ് ഉപഭോക്താക്കൾക്ക് പദ്ധതി വഴി നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 9.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].